# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003
ഫോൺ : 0471 2727378, ഫാക്സ് : 0471 2727379 , email : obcdirectorate@gmail.com

---

**BCDD/A1/1272 /14** **ഭരണഭാഷ - മാതൃഭാഷ** തീയതി :11.11.2014

## നോട്ടിഫിക്കേഷൻ

വിഷയം : പിന്നാക്ക സമുദായ വികസനം - എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം - അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്
സൂചന : സ.ഉ(സാധാ) 70/2013/പി.സ.വി.വ തീയതി 16.08.2013

പിന്നാക്ക സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ലഭിക്കുന്നതിനുള്ള വിവിധ മത്സര പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (2014-15) എന്ന പദ്ധതിക്ക് അപേക്ഷ ക്ഷണിക്കുന്നു. മെഡിക്കൽ/എഞ്ചിനീയറിങ് എൻട്രൻസ് പരിശീലനം, സിവിൽ സർവ്വീസ് പരീക്ഷ, യു.പി.എസ്.സി, പി.എസ്.സി, എസ്.എസ്.സി, ബാങ്കിങ് സർവ്വീസ് തുടങ്ങിയ വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലനത്തിന് പ്രശസ്തിയും സേവന പാരമ്പര്യവും, മുൻവർഷങ്ങളിൽ മികച്ച റിസൽട്ട് സൃഷ്ടിക്കുകയും ചെയ്തിട്ടുള്ള നിലവാരമുള്ള സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. സ്ഥാപനങ്ങളുടെ നിലവാരം തൃപ്തികരമല്ല എന്ന് വകുപ്പിന് ബോധ്യപ്പെടുന്നപക്ഷം, അത്തരം സ്ഥാപനങ്ങളിലെ പരിശീലനാർത്ഥികളുടെ അപേക്ഷ നിരസിക്കുന്നതായിരിക്കും. അപേക്ഷകർക്കുള്ള നിർദ്ദേശങ്ങളും, മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു.

***മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും***

1. അപേക്ഷകൻ/അപേക്ഷക സംസ്ഥാനത്തെ പിന്നാക്ക സമുദായ പട്ടികയിൽ (ഒ.ബി.സി. ലിസ്റ്റ്) ഉൾപ്പെട്ട സമുദായാംഗം ആയിരിക്കണം.
2. അപേക്ഷകൻ കേരളീയനായിരിക്കണം.
3. കുടുംബ വാർഷിക വരുമാനം 4.5 ലക്ഷം രൂപയിൽ അധികരിക്കരുത്.
4. അപേക്ഷകർ കുറഞ്ഞത് 5 വർഷത്തെയെങ്കിലും സേവനപാരമ്പര്യവും പ്രശസ്തിയും ഉള്ള സ്ഥാപനത്തിൽ പരിശീലനം നടത്തുന്നവരായിരിക്കണം.
5. www.bcdd.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന അപേക്ഷകൾ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യേണ്ടതാണ്. 15.11.2014 മുതൽ രജിസ്ട്രേഷൻ ആരംഭിക്കുന്നതും 10.12.2014 ന് അവസാനിക്കുന്നതുമാണ്.
6. രജിസ്റ്റർ ചെയ്യുന്ന അപേക്ഷകർ അപേക്ഷയുടെ പ്രിന്റ്ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതും, സിസ്റ്റം ജനറേറ്റ് ചെയ്യുന്ന ആപ്ലിക്കേഷൻ നമ്പർ തുടർന്നുള്ള ആവശ്യങ്ങൾക്കായി എഴുതി സൂക്ഷിക്കേണ്ടതുമാണ്.

7. യാതൊരു കാരണവശാലും ഒരു അപേക്ഷകൻ ഒന്നിലധികം പ്രാവശ്യം രജിസ്ട്രേഷൻ നടത്താൻ പാടുള്ളതല്ല.
8. ഒരു വ്യക്തി ഏതെങ്കിലും ഒരു സ്കീമിന് മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ. 2013-14 ൽ ഈ പദ്ധതി പ്രകാരം ധനസഹായം ലഭിച്ചവർ അപേക്ഷിക്കാൻ പാടില്ല.
9. മെഡിക്കൽ/എഞ്ചിനീയറിങ് എൻട്രൻസ് പരിശീലനത്തിന് സഹായത്തിനായി അപേക്ഷിക്കുന്നവർക്ക് 17 വയസ്സ് പൂർത്തിയായിരിക്കണം. നിലവിൽ ഹയർസെക്കന്ററിക്ക് പഠിച്ചുകൊണ്ടിരിക്കുന്നവർ അപേക്ഷിക്കാൻ അർഹരല്ല. കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ഹയർസെക്കന്ററി പരീക്ഷ വിജയിച്ചവർ മാത്രമേ അർഹരായിരിക്കുകയുള്ളൂ. മറ്റു സ്കീമുകളിലെ അപേക്ഷകർക്ക് 18 വയസ്സ് പൂർത്തിയായിരിക്കേണ്ടതാണ്.
10. റവന്യൂ അധികൃതർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന വരുമാനം ആയിരിക്കണം ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടത്. ഇത് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഒന്നായിരിക്കും. ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെടുന്നപക്ഷം വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
11. ഓരോ മത്സരപരീക്ഷകൾക്കുമുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത നേടിയവർ മാത്രമേ അപേക്ഷിക്കേണ്ടതുള്ളൂ.
12. മാർക്ക്, വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കരട് പട്ടിക ഇതേ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. **അതിലുൾപ്പെട്ടിട്ടുള്ള അപേക്ഷകർ ജാതി, വരുമാനം, വിദ്യാഭ്യാസയോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, നിശ്ചിത മാതൃകയിൽ പരിശീലന സ്ഥാപനമേധാവി നൽകുന്ന സാക്ഷ്യപത്രം , സ്ഥാപനത്തിൽ ഫീസ് അടച്ച രശീത്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റ്ഔട്ട്, ബാങ്ക് പാസ്ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്, പാസ്പോർട്ട് വലുപ്പത്തിലുള്ള ഫോട്ടോ, ആധാർ/റേഷൻകാർഡ് ന്റെ പകർപ്പ് എന്നിവ ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ, തിരുവനന്തപുരം -3** എന്ന വിലാസത്തിൽ നിർദ്ദേശിക്കപ്പെടുന്ന തീയതിക്കകം ലഭ്യമാക്കേണ്ടതാണ്.
13. മുൻ വർഷം സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് പ്രിലിംസ്/ഫൈനൽ പരീക്ഷകൾക്ക് ഹാജരായവർ ലഭിച്ച സ്കോർ/നിലവാരം കാണിക്കുന്ന രേഖകൾ കൂടി അയക്കേണ്ടതാണ്.
14. ഈ പദ്ധതി സംബന്ധിച്ച എല്ലാ അറിയിപ്പുകളും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. വ്യക്തിഗത അറിയിപ്പുകൾ ഉണ്ടായിരിക്കുന്നതല്ല.

ഡയറക്ടർ
പിന്നാക്ക സമുദായ വികസന വകുപ്പ്

V.R. JOSHI
Director
Backward Communities Devp. Dept.
Thiruvananthapuram - 695003

DIRECTORATE OF BACKWARD COMMUNITIES DEVELOPMENT DEPARTMENT THIRUVANANTHAPURAM

പകർപ്പ്

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക സമുദായ വികസന വകുപ്പ്
മാനേജിങ് ഡയറക്ടർ,പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ
ഡയറക്ടർ ,ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
ചീഫ് പബ്ലിസിറ്റി ആഫീസർ, പട്ടികജാതി വികസന വകുപ്പ്
(ആമുഖ കത്ത് സഹിതം)

സീനിയർ സൂപ്രണ്ട്, പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറേറ്റ്
(വെബ് സൈറ്റ് ക്രമീകരിക്കുന്നതിന്)

പി.വി.എസ് 11.11.2014